## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2424 — 08.05.2017 ൽ മറുപടിയ്ക്ക്

## മൂന്നാർ, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലെ സർക്കാർഭൂമി കൈയ്യേറ്റം

**ചോദ്യം**

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ.എൽദോസ് കുന്നപ്പിള്ളി
ശ്രീ. അടൂർ പ്രകാശ്
ശ്രീ.വി.പി.സജീന്ദ്രൻ

**മറുപടി**

ശ്രീ.ഇ. ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മൂന്നാർ മേഖലയിലും, ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലും വ്യാപകമായ സർക്കാർ ഭൂമി കൈയ്യേറ്റം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ; | (എ)കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | (ബി) കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിലേയ്ക്കായി 1957 ലെ ഭൂസംരക്ഷണ നിയമം / 1971 ലെ കണ്ണൻദേവൻ (ഭൂമി വീണ്ടെടുക്കൽ) നിയമം, കേരള ഭൂസംരക്ഷണ നിയമം (ഭേദഗതി - 2009) എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | വൻകിട കൈയ്യേറ്റങ്ങൾ മാത്രം തല്ക്കാലം ഒഴിപ്പിച്ചാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ടോ; | (സി) എല്ലാ സർക്കാർ ഭൂമി കയ്യേറ്റങ്ങളിലും KLC നിയമം പ്രകാരം നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | കൈയ്യേറ്റം ഒഴിപ്പിക്കുന്ന റവന്യൂ ഉദ്യോഗസ്ഥർക്ക് നേരെ നടക്കുന്ന അക്രമങ്ങളുടെ പശ്ചാത്തലത്തിൽ കൂടുതൽ പോലീസ് സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പ് സഹായകമായ നിലപാടാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) ഉണ്ട്. സഹായകരമായ നിലപാട് സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ